**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - **കോവിഡ് -19** - സുഭിക്ഷ കേരളം : ഭക്ഷ്യോത്പാദന വർദ്ധനവിനുള്ള മഹായജ്ഞം - മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നു.

**ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്**

**സ.ഉ.(കൈ)നം. 14/2020/ആ:സാ:വ: തിരുവനന്തപുരം, തീയതി: 18.05.2020**

**ഉത്തരവ്**

**കോവിഡ് -19** മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെ തുടർന്നുണ്ടായ സാമ്പത്തിക നഷ്ടത്തിൽ നിന്നും തകർച്ചയിൽ നിന്നും കേരളത്തെ രക്ഷിക്കുന്നതിനും സാമ്പത്തിക വളർച്ചയുടെ പാതയിലേയ്ക്ക് തിരിച്ചു കൊണ്ടു വരുന്നതിനും സ്വീകരിക്കേണ്ട നടപടികൾക്ക് സംസ്ഥാന സർക്കാർ ഇതിനോടകം തുടക്കം കുറിച്ചിട്ടുണ്ട്. കേരളത്തിന്റെ പുനരുജ്ജീവന പരിപാടിക്ക് തുടക്കമിടുന്നത് കാർഷിക മേഖലയിലാണ്. കാർഷിക അനുബന്ധ മേഖലയ്ക്ക്, പ്രത്യേകിച്ചും ഭക്ഷ്യോത്പാദനത്തിന് ഈ ഘട്ടത്തിൽ വലിയ പ്രാധാന്യമാണുള്ളത്. ഭക്ഷ്യ സാധനങ്ങൾ അത്യാവശ്യമാണ് എന്നത് മാത്രമല്ല, ആയതിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ സാമ്പത്തിക വളർച്ചയ്ക്ക് വലിയ ഉത്തേജനം നൽകാനും കഴിയും. ഈ പശ്ചാത്തലത്തിലാണ് ഭക്ഷ്യോത്പാദന വർദ്ധനവിനുള്ള 'സുഭിക്ഷ കേരളം' പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയാവുന്നത്ര എത്തിക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. കേരളത്തിന്റെ ഭക്ഷ്യോത്പ്പന്ന വിപണിയെ ഉപയോഗിച്ചുകൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കാനും വരുമാനവും സംരംഭങ്ങളും തൊഴിലും സൃഷ്ടിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

2. **'സുഭിക്ഷ കേരളം'** പദ്ധതിയുടെ നടത്തിപ്പിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു. വിപുലമായ തോതിൽ ജനപങ്കാളിത്തം ഉറപ്പാക്കി കാമ്പയിൻ മാതൃകയിൽ പദ്ധതി നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൃഷി, തദ്ദേശ സ്വയംഭരണം, മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ്, ജലവിഭവം, സഹകരണം, വ്യവസായം എന്നീ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടേയും നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുക. ഹരിത കേരളം, കുടുംബശ്രീ, തൊഴിലുറപ്പ് തുടങ്ങിയ മിഷനുകൾ, മറ്റ് ഏജൻസികൾ, കാർഷിക-വെറ്ററിനറി-ഫിഷറീസ് സർവകലാശാലകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ, ബഹുജന സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണം ഈ പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് ആവശ്യമാണ്.

3. നിർദ്ദിഷ്ട പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളും പ്രാദേശിക സർക്കാരുകളും സ്ഥാപനങ്ങളും ഏജൻസികളും മുൻകൈയെടുക്കണമെന്നും സർക്കാർ ഉത്തരവാകുന്നു. സംസ്ഥാന തലത്തിൽ ഈ പദ്ധതി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് നടപ്പാക്കേണ്ടത്. പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്തുകളും

നഗരസഭകളുമാണ് ഈ പദ്ധതിയുടെ ഏകോപനം സാധ്യമാക്കേണ്ടത്. പദ്ധതി രൂപീകരണത്തിനു ശേഷം ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മന്ത്രി സഭാ ഉപസമിതി പുരോഗതി അവലോകനം ചെയ്യുന്നതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**ടോം ജോസ്**
**ചീഫ് സെക്രട്ടറി**

തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ജലവിഭവം, സഹകരണം, ഫിഷറീസ്, വ്യവസായം, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം, ധനകാര്യം,ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ
ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
കാർഷിക - വെറ്ററിനറി - ഫിഷറീസ് സർവകലാശാലകളുടെ രജിസ്ട്രാർമാർക്ക്
പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർക്ക്
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, ജലവിഭവം, സഹകരണം, ഫിഷറീസ്, വ്യവസായം, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം വകുപ്പ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
3. പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
5. ബഹു. ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
6. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്
7. അഡീഷണൽ സെക്രട്ടറിയുടെ സി എയ്ക്ക്.

**അനുബന്ധം**

## കോവിഡ് -19 - സുഭിക്ഷ കേരളം : ഭക്ഷ്യോത്പാദന വർദ്ധനവിനുള്ള മഹായജ്ഞം - മാർഗ്ഗരേഖ

1. **ആമുഖം**

1.1 ഭക്ഷ്യ വിഭവങ്ങളുടെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. കോവിഡ് - 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺ പല സംസ്ഥാനങ്ങളിലും കാർക്കശ്യം കുറഞ്ഞ രൂപത്തിലാണെങ്കിലും അധിക നാൾ നീണ്ട് നിൽക്കാനാണ് സാധ്യത. അങ്ങനെയെങ്കിൽ അരി, പച്ചക്കറി, മുട്ട, കോഴി ഇറച്ചി. പാൽ. പഴവർഗ്ഗങ്ങൾ. പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, മത്സ്യം തുടങ്ങിയവയുടെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്ക് വരവ് അനിശ്ചിതത്വത്തിൽ ആകാനും വില വർദ്ധിക്കാനും ദൗർലഭ്യം അനുഭവപ്പെടാനും സാധ്യതയുണ്ട്. ഭക്ഷ്യ ഉല്പന്നങ്ങളുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്നത് ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമാണ്. ഭക്ഷണത്തിന്റെ കാര്യത്തിൽ പൂർണ്ണമായ സ്വയം പര്യാപ്തത എളുപ്പമല്ലെങ്കിലും ആഭ്യന്തര ഉത്പാദനം വലിയ തോതിൽ വർദ്ധിപ്പിക്കാനായാൽ ഒരു പരിധി വരെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ കഴിയും.

1.2 ഭക്ഷ്യ സുരക്ഷയെപ്പോലെ തന്നെ പ്രധാനമാണ് സുരക്ഷിതമായ ഭക്ഷണം എന്നതും. വിഷമില്ലാത്ത ഫ്രഷായ പച്ചക്കറിയും പഴവർഗ്ഗങ്ങളും മറ്റു ഭക്ഷ്യ വസ്തുക്കളും മെച്ചപ്പെട്ട വില നൽകി വാങ്ങാൻ കേരളീയർ തയ്യാറാണ്. സുരക്ഷിത ഭക്ഷണം എന്ന മേന്മ ഉപയോഗിച്ചുകൊണ്ട് തദ്ദേശീയ ഉല്പന്നങ്ങളുടെ വിശ്വാസ്യത ഉറപ്പാക്കാനായാൽ മറ്റ സംസ്ഥാനങ്ങളിൽ നിന്നുള്ള വില കുറഞ്ഞ ഉല്പന്നങ്ങളുടെ മത്സരത്തിൽ നിന്നും രക്ഷപ്പെടാൻ കഴിയും.

1.3 ഈ സാഹചര്യത്തിൽ ഭക്ഷ്യസാധനങ്ങളുടെ ഉത്പാദനം വലിയ തോതിൽ വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മ പരിപാടി 'സുഭിക്ഷ കേരളം' എന്ന പേരിൽ ജനപങ്കാളിത്തത്തോടെ ഒരു മഹായജ്ഞമായി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. കേരളത്തിലെ ഓരോ വ്യക്തിയും, കുടുംബവും. സ്ഥാപനവും ഇതിലേക്ക് അവരവർക്കു കഴിയാവുന്ന സംഭാവന നൽകണം. കൃഷിയിൽ പങ്കെടുത്തുകൊണ്ടുള്ള സംഭാവനയാണ് ഉദ്ദേശിക്കുന്നത്.

**2. ലക്ഷ്യങ്ങൾ**

2.1 നെല്ല്, പഴവർഗ്ഗങ്ങൾ, മരച്ചീനി ഉൾപ്പെടെയുള്ള കിഴങ്ങ് വർഗ്ഗങ്ങൾ, പച്ചക്കറി. പയർ വർഗ്ഗങ്ങൾ ഇറച്ചിക്കോഴി, മുട്ടക്കോഴി, പാൽ, ആട്, പോത്ത്,പന്നി, മത്സ്യം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക.

2.2 ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ (safe to eat) ഉത്പാദനം വർദ്ധിപ്പിക്കുകയും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുകയും ചെയ്യുക.

2.3 പരമ്പരാഗത കൃഷി വിജ്ഞാനം ഉൾകൊണ്ട് തന്നെ നവീന കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കാർഷിക-അനുബന്ധ മേഖലകൾക്ക് പുതുജീവൻ നൽകുകയും അതുവഴി കർഷകരുടെയും കർഷക തൊഴിലാളികളുടെയും വരുമാനം വർദ്ധിപ്പിക്കുകയും ക്ഷേമം ഉറപ്പാക്കുകയും ചെയ്യുക.

2.4 യുവജനങ്ങൾ, തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വരുന്ന പ്രവാസികൾ, വിശ്രമ ജീവിതം നയിക്കുന്നവർ തുടങ്ങി കൂടുതൽ പേരെ കൃഷി-അനുബന്ധ മേഖലകളിലേയ്ക്ക് ആകർഷിക്കുക. അവർക്കു ന്യായമായ വരുമാനം ഉറപ്പാക്കുക.

2.5 സമ്പദ് വ്യവസ്ഥയിൽ കാർഷികാനുബന്ധ മേഖലകളുടെ സംഭാവന വർദ്ധിപ്പിക്കുക; കേരളത്തിന്റെ ഭക്ഷ്യോത്പന്ന വിപണിയെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കു ഉപയോഗപ്പെടുത്തുക.

2.6 കാർഷികോല്പന്നങ്ങളിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമിക്കുന്നതിന് പ്രോത്സാഹനം നൽകുക.

2.7 പരിസ്ഥിതി സംരക്ഷിക്കുക.

**3.സമീപനം**

3.1 തരിശ് നിലവും തരിശ് ഭൂമിയും പുരയിടങ്ങളും വീട്ടുവളപ്പും ടെറസുകളും എല്ലാം ഉത്പാദനകേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന തത്ത്വം. അത് യാഥാർത്ഥ്യമാക്കുന്നതിന് കൃഷി. മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, ജലവിഭവം തുടങ്ങിയ വകുപ്പുകളുടെയും ഹരിതകേരളം-കുടുംബശ്രീ-തൊഴിലുറപ്പ് മിഷനുകളുടെയും ബന്ധപ്പെട്ട മറ്റ് വികസന സ്ഥാപനങ്ങളുടേയും എല്ലാം പ്രവർത്തന ങ്ങൾ തദ്ദേശഭരണ സ്ഥാപന (ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) തലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിലുള്ള ഏകോപനം അത്യാവശ്യമാണ്. വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും പ്രത്യേകം പ്രത്യേകം പദ്ധതികൾ (Plans) എന്ന പതിവ് രീതിക്കു പകരം ഈ മേഖലകളിൽ തദ്ദേശഭരണ സ്ഥാപന പ്രദേശത്തിനുവേണ്ടി ഒറ്റ പദ്ധതി (single plan) തയ്യാറാക്കുകയും തുടർന്ന് പദ്ധതിയിലെ വിവിധ ഘടകങ്ങൾ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും നിർവഹണം നടത്തുകയും ചെയ്യുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ സമീപനം.

3.2 തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനാണ് ഈ പദ്ധതിയിലെ മുഖ്യ ഊന്നൽ. ഇതിന് നേതൃത്വം നൽകേണ്ടത് പ്രാദേശിക സർക്കാരുകളാണ്. ഓരോ ഗ്രാമപഞ്ചായത്തിലും നഗരസഭയിലും കൃഷിചെയ്യാവുന്ന തരിശ് ഭൂമിയും തരിശ് നിലങ്ങളും പുരിയിടങ്ങളും ഒരു ദ്രുതവിവരശേഖരണത്തിലൂടെ കണ്ടെത്തി ശാസ്ത്രീയ കൃഷി രീതിയ്ക്ക് കീഴിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കണം. കൃഷി ഭവന്റെ കൈവശം പുതുതായി ശേഖരിച്ച വിവരങ്ങളും വികസന റിപ്പോർട്ടിലുള്ള വിവരങ്ങളും പരിഗണിക്കാവുന്നതാണ്. സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സംഘടനകളുടേയും സ്വകാര്യ വ്യക്തികളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഇതിനായി പരിഗണിക്കാം. ഏത് കൃഷിയാണ് ഓരോ ഭൂമിയിലും അനുയോജ്യമായതെന്ന് പ്രാദേശിക തലത്തിൽ തീരുമാനിക്കണം.

3.3 പുരയിട കൃഷിയും ഇടവിള കൃഷിയും വീട്ടുവളപ്പിലെ കൃഷിയും പരമാവധി പ്രോത്സാഹി പ്പിക്കണം.

3.4 സ്ഥലപരിമിതിയുള്ള വാസഗൃഹങ്ങളിലും ആധുനിക രീതിയിലുള്ള ലംബകൃഷി, അക്വാപോണിക്സ്. ഹൈഡ്രോ പോണിക്സ് തുടങ്ങിയവ ഉൾപ്പെടെയുള്ള ആധുനിക കൃഷി സമ്പ്രദായങ്ങൾ പ്രചരിപ്പിച്ച് പരമാവധി ഉല്പാദന വർദ്ധനവിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കണം.

3.5 സ്വന്തമായി കൃഷി ചെയ്യാൻ താല്പര്യമുള്ളവർ, കൃഷി ചെയ്യാൻ താത്പര്യമുള്ള എന്നാൽ പിന്തുണ വേണ്ടവർ, സ്ഥലം കൃഷി ചെയ്യാൻ വിട്ടു നൽകാൻ താല്പര്യമുള്ളവർ എന്നിവരെ കണ്ടെത്തി അടുക്കള തോട്ടങ്ങൾ, മട്ടുപ്പാവ് കൃഷി, ഗ്രോബാഗ് കൃഷി, മറ്റു കൃഷി രീതികൾ എന്നിവക്ക് പ്രോത്സാഹനവും പിന്തുണയും നൽകണം.

3.6 വീട്ടുവളപ്പിലെ കൃഷിയിൽ ജൈവ കാർഷിക രീതി അവലംബിക്കുന്നതിന് ഊന്നൽ നൽകണം.

3.7 പോഷക മൂല്യമുള്ള കിഴങ്ങ് വർഗ്ഗങ്ങളുടെ കൃഷിക്ക് ഉയർന്ന പരിഗണന നൽകണം.

3.8 നിലവിലുള്ള കൃഷിയുടെ ഉല്പാദനക്ഷമത കൂട്ടുന്നതിനും ശ്രമം ഉണ്ടാകണം.

3.9 മുട്ട, പാൽ, മാംസം എന്നിവയുടെ ഉത്പാദനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

3.10 കന്നുകാലി വളർത്തൽ, ആട്, കോഴി, താറാവ്, കാട വളർത്തൽ, എന്നിവയുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കണം.

3.11 അനുയോജ്യമായ ഗ്രാമപഞ്ചായത്തുകളിൽ / നഗരസഭകളിൽ ഡയറി യൂണിറ്റുകൾ സ്ഥാപിക്കണം.

3.12 ക്രോസ്സ്ബ്രീഡ് പശു യൂണിറ്റുകൾ സ്ഥാപിക്കണം

3.13 പാലിൽ നിന്നും തൈര്, ചീസ്, പനീർ തുടങ്ങിയ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പ്പാദിപ്പിക്കണം

3.14 കാലി തൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട്, മൽസ്യ കുളങ്ങൾ എന്നിവയുടെ നിർമാണത്തിനും പരിപാലനത്തിനും തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്താം.

3.15 കോൾഡ് ചെയിൻ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്

3.16 അസോള കൃഷിക്ക് ടാങ്ക് നിർമാണം, തീറ്റപ്പുൽ കൃഷി എന്നിവയും തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർവഹിക്കാം

3.17 മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കാനുള്ള പരിപാടികൾ ആരംഭിക്കണം.

3.18 ഹോംസ്റ്റേഡ് ബയോ ഫ്ളോക്ക് ഫാർമിംഗ് ആരംഭിക്കണം.

3.19 ഉപ്പുവെള്ള കുളങ്ങളിൽ പേൾസ്പോട്ട് (കരിമീൻ) കൃഷി യൂണിറ്റുകൾ ആരംഭിക്കണം. ഈ പ്രവർത്തനങ്ങൾക്ക് വേണ്ട സാങ്കേതിക പിന്തുണ ഉറപ്പാക്കണം. അതിനാവശ്യമായ റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തി നിയോഗിക്കണം. ഇതിനായി മത്സ്യബന്ധന വകുപ്പിന്റെ സഹായം ലഭ്യമാക്കണം.

3.20 പടുതാ കുളത്തിൽ മത്സ്യകൃഷി യൂണിറ്റുകൾ സ്ഥാപിക്കണം

3.21 പൊതുകുളങ്ങൾ, സ്വകാര്യ കുളങ്ങൾ, വീട്ടു വളപ്പിലെ കുളങ്ങൾ എന്നിവിടങ്ങളിൽ മത്സ്യകൃഷി നടത്തുന്ന സാഹചര്യം ഉണ്ടാകണം. മൽസ്യക്കുളങ്ങളുടെ നിർമാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കാം കുളങ്ങൾ പാട്ടത്തിന് കൊടുക്കാവുന്നതാണ്.

3.22 സാധ്യമായ ഇടത്തെല്ലാം കൃഷി, കാലിവളർത്തൽ, കോഴിവളർത്തൽ, മത്സ്യകൃഷി എന്നിവ ചേർന്നുള്ള സംയോജിത കൃഷി രീതി അവലംബിക്കേണ്ടതാണ്.

3.23 ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കുള്ള ശ്രമം അരിയുടെ കാര്യത്തിൽ മാത്രമല്ല കാർഷിക വിളകളിൽ ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വിളകൾ, പെട്ടെന്ന് വിളവെടുക്കാവുന്ന ഫലവർഗ്ഗ വിളകൾ, പച്ചക്കറികൾ, ചെറു ധാന്യങ്ങൾ, വാഴകൃഷി മുതലായവയ്ക്കും മുൻഗണന നൽകണം. ഓരോ തദ്ദേശഭരണസ്ഥാപന പ്രദേശത്തേയും സാധ്യതകൾ എന്താണോ അത് ഉപയോഗിക്കുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമം ഉണ്ടാകണം.

3.24 അനുയോജ്യമായ സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷിയും ഏറ്റെടുക്കേണ്ടതാണ്.

3.25 ഗുണനിലവാരമുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് മുൻകൈ എടുക്കേണ്ടതാണ്. മൃഗസംരക്ഷണ വകുപ്പും മത്സ്യ ബന്ധന വകുപ്പും അവരവരുടെ മേഖലകളിൽ മുട്ടയും അഥവാ വളർത്തു മൃഗങ്ങളുടെ കുഞ്ഞുങ്ങളെയും, മത്സ്യ കുഞ്ഞുങ്ങളെയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

3.26 മികച്ച കൃഷി രീതികൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന്റെയും സുരക്ഷിത ഭക്ഷ്യ ധാന്യങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക ഉപദേശം നൽകുന്നതിന്റെയും ഉത്തര വാദിത്വം ബന്ധപ്പെട്ട വകുപ്പുകൾ ഏറ്റെടുക്കേണ്ടതാണ്.

3.27 ഓരോ കൃഷിയിടത്തിലും വെള്ളം എത്തിക്കുന്നതിനും ജലനിർഗമനം ഉറപ്പാക്കുന്ന തിനുമുള്ള പൊതു സൗകര്യങ്ങൾ ഒരുക്കാൻ ജലസേചന വകുപ്പിനു ഉത്തരവാദിത്തമുണ്ട്. ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കാർഷിക മേഖല തിരിച്ചുള്ള ഉത്തരവാദിത്തം നൽകേണ്ടതാണ്. ഓരോ സ്ഥലത്തും വെള്ളം എത്തിക്കുന്നതിന് ഹ്രസ്വകാല - ദീർഘകാല പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

3.28 കൃഷിക്കാർക്ക് കുറഞ്ഞ പലിശയ്ക്കോ പലിശ രഹിതമായോ വായ്പ നൽകാൻ സഹകരണ സ്ഥാപനങ്ങൾ തയ്യാറാകണം. സഹകരണ സ്ഥാപനങ്ങൾ കൃഷിയിലും വിപണനത്തിലും നേരിട്ട് ഇടപെട്ട് പ്രവർത്തിക്കണം. സഹകരണ സ്ഥാപനങ്ങളെ ഇക്കാര്യത്തിൽ സഹായിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അവരുടെ പദ്ധതി യിൽ പ്രോജക്ടുകൾ ഏറ്റെടുക്കാം.

3.29 തരിശ് കിടക്കുന്ന പൊതുഭൂമിയും പാർശ്വവൽകൃത വിഭാഗങ്ങളുടെ സ്വകാര്യ ഭൂമിയും കൃഷിക്ക് ഉപയുക്തമാക്കുന്നതിന് ഭൂമി നിരപ്പാക്കൽ, തട്ട് തിരിക്കൽ, പുതിയ ബണ്ടുകളുടെ നിർമാണം തുടങ്ങിയ പ്രവർത്തികൾ, പൊതു ഭൂമിയിലും സ്വകാര്യ ഭൂമിയിലും ജലസേചന കുളങ്ങൾ/കിണറുകൾ നിർമിക്കൽ, പൊതു കുളങ്ങളുടെ പുനരുദ്ധാരണം, ജലസേചന ചാലുകളുടെ നിർമാണവും പുനരുദ്ധാരണവും എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കാം.

3.30 നിലവിലുള്ള മൂല്യ വർദ്ധിത സംരംഭങ്ങളെ കൂടുതൽ പ്രവർത്തനക്ഷമമാക്കുകയും പുതിയവ ആരംഭിക്കുകയും വേണം. മൂല്യവർധിത ശൃംഖലയിൽ ഉള്ള വിടവുകൾ കണ്ടെത്തി ഇവ പരിഹരിക്കുന്നതിനായുള്ള പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ രൂപപ്പെടുത്തുകയും വേണം.

3.31 പ്രാദേശിക കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ്, കൃഷി വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനവും ഏകോപനവും ഫലപ്രദമായി സംഘടിപ്പിക്കണം.

3.32 നിലവിലുള്ള പദ്ധതികളുമായി സംയോജിപ്പിച്ചോ തദ്ദേശഭരണ സ്ഥാപനത്തിലെയോ മറ്റുബന്ധപ്പെട്ട വകുപ്പുകളിലെയോ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ചോ മൂല്യ വർദ്ധിത ഉത്പന്ന സംരംഭകൾക്കുള്ള സാമ്പത്തിക പിന്തുണ ലഭ്യമാക്കണം. ഈ പ്രവർത്തനം ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/നഗരസഭാതലത്തിൽ ആസൂത്രണം ചെയ്യുന്നതായിരിക്കും ഉചിതം.

3.33 മണ്ണ് പരിശോധനശാലകൾ, ടിഷ്യൂകൾച്ചർ ലാബുകൾ, ജൈവ വളങ്ങളുടെയും കീടനാശിനികളുടെയും ഉല്പാദന കേന്ദ്രങ്ങൾ, കാർഷിക യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും ലഭ്യതയും സേവനവും ഉറപ്പാക്കുന്നതിനുള്ള പ്രൊജക്ടുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് തലത്തിൽ ഏറ്റെടുക്കാവുന്നതാണ്.

3.34 വ്യവസായ വകുപ്പ്, ഫുഡ് പ്രോസസ്സിംഗിനും കാർഷികോത്പ്പന്നങ്ങളുടെ മൂല്യവർദ്ധനവ് സാദ്ധ്യമാക്കുന്നതിനുമുള്ള വലിയ സംരംഭങ്ങൾ ആസൂത്രണം ചെയ്യുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംരംഭങ്ങൾക്ക് സാങ്കേതിക ഉപദേശം ലഭ്യമാക്കുന്നതുമാണ്. ഇത്തരം സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിന് യുവാക്കൾ, മടങ്ങി വന്ന പ്രവാസികൾ എന്നിവർക്ക് മുൻഗണന നൽകണം.

3.35 06.03.2020 ലെ സ.ഉ(കൈ) നം.45/2020/തസ്വഭവ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ ഒരു പ്രധാന പദ്ധതിയായ 'ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ' പദ്ധതിയും സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കേണ്ടതാണ്.

3.36 ഭക്ഷ്യോൽപ്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർധിപ്പിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ആണ്. അതുകൊണ്ട് 06.03.2020 ലെ സ.ഉ(കൈ) നം.45/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച 12 ഇന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം ഈ പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്.

3.37 മേൽപ്പറഞ്ഞ കാര്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ അടിസ്ഥാന യൂണിറ്റായി കണ്ട് വിവിധ മേഖലകളിൽ ഓരോ പ്രദേശത്തുമുള്ള സാധ്യതകൾ ബന്ധപ്പെട്ട എല്ലാവരും കൂടിയിരുന്ന് വിശദമായി പരിശോധിക്കുകയും വകുപ്പുകൾക്കും പ്രാദേശിക സർക്കാരുകൾക്കും സഹകരണ സ്ഥാപനങ്ങൾക്കും മറ്റ് ഏജൻസികൾക്കും ഏറ്റെടുക്കാൻ കഴിയുന്ന ഹ്രസ്വകാല/ ദീർഘകാല പരിപാടികളും സേവനങ്ങളും ഏതൊക്കെ എന്നത് സംബന്ധിച്ച് ധാരണയാകുകയും അതനുസരിച്ച് അവ നടപ്പാക്കുകയും ചെയ്യുക എന്ന രീതി അവലംബിക്കണം.

### 4. ആസൂത്രണവും നിർവഹണവും

4.1 ഓരോ വാർഡിലും കൃഷിക്ക് ലഭ്യമാക്കാൻ കഴിയുന്ന തരിശു നിലങ്ങളും തരിശു ഭൂമികളും, ഭാഗിക തരിശ് ഭൂമികളും, പുരയിടങ്ങളും കണ്ടെത്തി അതിന്റെ വിശദാംശങ്ങൾ വളരെ പെട്ടെന്ന് തയ്യാറാക്കേണ്ടതാണ്. അതിൽ ഉടമയുടെ വിവരങ്ങൾ, വിസ്തീർണ്ണം, ഭൂവികസന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ടോ, കൃഷിക്ക് അനുയോജ്യമായ വിളകൾ ഏതൊക്കെ, ഉടമ തന്നെ കൃഷി ചെയ്യാൻ തയ്യാറാണോ, അല്ലെങ്കിൽ പാട്ടത്തിന് നൽകാൻ തയ്യാറാണോ മുതലായ വിവരങ്ങൾ ഉണ്ടാകണം.

4.2 ഉടമ നേരിട്ട് കൃഷി ചെയ്യാൻ സന്നദ്ധമല്ലെങ്കിൽ കൃഷി ചെയ്യുന്നതിന് താൽപര്യമുള്ള കർഷകനെ/കർഷക കൂട്ടായ്മയെ/പാടശേഖര സമിതിയെ/സ്വയം സഹായസംഘത്തെ/ കുടുംബശ്രീ ഗ്രൂപ്പിനെ/പ്രൊഡ്യൂസർ കമ്പനിയെ/സഹകരണ സംഘത്തെ/ ചാരിറ്റബിൾ സംഘത്തെ കണ്ടെത്തണം. ഗ്രൂപ്പുകൾ നിലവിലുള്ളവയോ പുതിയവയോ ആകാം. പുതുതായി രൂപീകരിക്കുമ്പോൾ തൽപരരായ യുവാക്കൾ, മടങ്ങി വന്ന പ്രവാസികൾ എന്നിവരെയും പരിഗണിക്കണം.

4.3 ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി കൃഷി ചെയ്യുന്ന കർഷകന്/ഗ്രൂപ്പിന് കൈമാറേണ്ടത് തദ്ദേശഭരണസ്ഥാപനത്തിന്റെ നേതൃത്വത്തിലാ കണം. ഭൂമിയുടെ ഉടമസ്ഥാവകാശം ഉടമകളിൽ തന്നെ നിലനിർത്തുന്നതാണെന്ന് ഉടമകളെ ബോധ്യപ്പെടുത്തിക്കൊണ്ട് തന്നെ ഗ്രാമപഞ്ചായത്ത്/ നഗരസഭ, ഭൂവുടമ, കൃഷി ചെയ്യുന്നവർ എന്നിവർ തമ്മിൽ ധാരണയുണ്ടാക്കി കൃഷി ചെയ്യാനാവും.

4.4 ഖണ്ഡിക 4.1 പ്രകാരം തയ്യാറാക്കിയ കൃഷി ഭൂമിയുടെ വിവരങ്ങൾക്കൊപ്പം കൃഷി ചെയ്യുന്ന കർഷകന്റെ / ഗ്രൂപ്പിന്റെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വിശദാംശങ്ങൾ പൂർണ്ണമാക്കണം. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഖണ്ഡിക 9.8 പ്രകാരമുള്ള വാർഡ്തല സമിതിയുടെ നേതൃത്വത്തിലാണ് നടത്തേണ്ടത്.

4.5 തുടർന്ന്, ഇപ്രകാരം വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ തദ്ദേശ ഭരണ സ്ഥാപന അടിസ്ഥാനത്തിൽ കൃഷി മേഖലാ വർക്കിംഗ് ഗ്രൂപ്പ് ക്രോഡീകരിക്കേ ണ്ടതാണ്.

4.6 ഇതിന് തുടർച്ചയായി കൃഷിമേഖലയുടെ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തിനുവേണ്ടിയുള്ള കരട് കാർഷിക പദ്ധതി (plan) തയ്യാറാക്കണം. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടേയും നേരിട്ട് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകളുടേയും വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതാണ്. അതുപോലെ കൃഷി വകുപ്പ് സഹകരണ സംഘങ്ങളും മിഷനുകളും ഏജൻസികളും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളും നല്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്നും ഗ്രാമപഞ്ചായത്തിനെയും നഗരസഭയേയും മുൻകൂട്ടി അറിയിക്കേണ്ടതാണ്. ഇതിനാവശ്യമായ കൂടിയാലോചനകൾ ഗ്രാമപഞ്ചായത്ത് /നഗരസഭ നടത്തണം.

4.7 ഇതിന് സമാന്തരമായി തന്നെ മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ വികസനം, ഭക്ഷ്യോത്പന്നങ്ങളുടെ മൂല്യവർദ്ധനവ് തുടങ്ങിയ അനുബന്ധ മേഖലകളിലെ സംയോജിത പദ്ധതികൾക്കും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ രൂപം നൽകേണ്ടതാണ്.

4.8 കാർഷിക അനുബന്ധ മേഖലകളിലെ പദ്ധതികൾ (Plans) സംയോജിപ്പിച്ച് തദ്ദേശഭരണ സ്ഥാപന തലത്തിലെ കരട് ഉല്പാദന പദ്ധതിക്ക് (Production Plan) രൂപം നൽകേണ്ടതാണ്. ഓരോ മേഖലയിലും പ്രാവർത്തികമാക്കാൻ കഴിയുന്ന പരിപാടികൾ തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിൽ തയ്യാറാക്കുകയാണ് വേണ്ടത്. അതിൽ, വിവിധ വകുപ്പുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് സ്ഥാപനങ്ങ ളുടേയും പങ്കം, വിഭവസ്രോതസ്സും വ്യക്തമായി പ്രതിപാദിക്കേണ്ടതാണ്. ഓരോന്നിനും ലക്ഷ്യമിടുന്ന ഉല്പാദന വർദ്ധനവും നിർണ്ണയിക്കണം. ഒപ്പം, തദ്ദേശഭരണ സ്ഥാപനത്തി ന്റെ ഒരു കാർഷിക കലണ്ടറും തയ്യാറാക്കണം.

4.9 ഇത്തരത്തിൽ ഉല്പാദന പദ്ധതി തയ്യാറാക്കണം എന്ന് നിർദ്ദേശിക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനകം തയ്യാറാക്കിയ കാർഷിക അനുബന്ധ മേഖലകളിലെ പ്രോജക്ടുകൾ ഉപേക്ഷിച്ച് ആദ്യം മുതലേ തുടങ്ങണം എന്നല്ല അർത്ഥമാക്കുന്നത്. പ്രദേശത്തിന്റെ പ്രത്യേകത പരിഗണിച്ചും ഗ്രാമ/വാർഡ് സഭകളുടെ അംഗീകാര ത്തോടെയും തയ്യാറാക്കിയിരിക്കുന്ന പ്രോജക്ടുകൾ എല്ലാം ഉപേക്ഷിക്കേണ്ടതില്ല. അവയെയും പൊതുവിൽ 'സുഭിക്ഷ കേരളം' പദ്ധതിയുടെ ഭാഗമായി കണക്കാക്കാവു ന്നതാണ്. പക്ഷെ ഇന്നത്തെ സാഹചര്യം പരിഗണിച്ച് കൂടുതൽ പണം വകയിരുത്താമോ എന്ന് പരിശോധിക്കണം. ഒപ്പം, ഭക്ഷ്യോത്പാദന രംഗത്തിന് കൂടുതൽ പണം കണ്ടെത്തി പുതുതായി ചില പ്രോജക്ടുകൾ എടുക്കുകയും വേണം. മാത്രമല്ല, വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ കൂടി ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു സമഗ്രരേഖ തദ്ദേശഭരണസ്ഥാപന തലത്തിൽ രൂപപ്പെടേണ്ടതുണ്ട് എന്നതുകൊണ്ട് കൂടിയാണ് ഇത്തരത്തിൽ സംയോജിത ഉല്പാദന പദ്ധതി വേണം എന്ന് നിർദ്ദേശിക്കുന്നത്.

4.10 തുടർന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ സംയുക്ത യോഗം ചേരണം. വിവിധ മേഖലകളുടെ സംയോജനം, സംയോജിത കൃഷി രീതികൾ, മുൻ-പിൻ ബന്ധങ്ങൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഈ സംയുക്ത യോഗത്തിൽ ചർച്ച ചെയ്ത് ധാരണയാകേണ്ടതും അതനുസരിച്ച് കരട് പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുമാണ്.

4.11 സംയുക്ത യോഗത്തിനുശേഷം ഖണ്ഡിക 9.6 പ്രകാരമുള്ള ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തല സമിതി യോഗം ചേർന്ന് തദ്ദേശഭരണ സ്ഥാപനതല ഉല്പാദന പദ്ധതിക്ക് അന്തിമ രൂപം നൽകേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിന്റെ അംഗീകാര ത്തിനായി സമർപ്പിക്കേണ്ടതുമാണ്.

4.12 ഈ രീതിയിൽ അന്തിമമാക്കുന്ന തദ്ദേശഭരണ സ്ഥാപനതല ഉല്പാദന പദ്ധതിയെ അടിസ്ഥാനമാക്കി തദ്ദേശഭരണസ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും മറ്റ് ഏജൻസി കൾക്കും അവരവരുടെ പരിപാടികളുടെ നിർവഹണം ആരംഭിക്കാവുന്നതാണ്.

4.13 തദ്ദേശഭരണസ്ഥാപനം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കി നിർവഹണം നടത്താവുന്നതാണ്. വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിക്കുന്നതാണ്.

4.14 ആസൂത്രണ പ്രക്രിയയുടെ തുടക്കത്തിൽ ജില്ലാ ആസൂത്രണ സമിതിയോഗം ചേർന്ന് ജില്ലയുടെ സാധ്യതകൾ വിശകലനം ചെയ്ത് ഓരോ പ്രദേശത്തേക്കുമുള്ള ലക്ഷ്യങ്ങളും മുൻഗണനകളും നിശ്ചയിച്ച് നൽകുന്നത് അഭികാമ്യമായിരിക്കും.

## 5. സഹായ സംവിധാനങ്ങളും സേവനങ്ങളും

5.1 കൃഷി അനുബന്ധമേഖലകളിൽ കർഷകർക്ക് യഥാസമയം സാങ്കേതിക ഉപദേശവും സഹായവും ലഭ്യമാക്കുന്നതിനുള്ള എക്സ്റ്റൻഷൻ സർവ്വീസുകൾ ഫലപ്രദമാക്കുന്നതാണ്.

5.2 കൃഷി ഓഫീസർമാരുടേയും കുടുംബശ്രീയുടേയും ആഭിമുഖ്യത്തിൽ കൃഷി സംബന്ധിച്ച അറിവ് കർഷകർക്ക് നൽകുന്നതാണ്. ആധുനിക സമ്പ്രദായങ്ങൾക്കൊപ്പം പരമ്പരാഗ തമായ നാട്ടറിവുകളുടെ സാധ്യതകളും കൃഷിയിൽ ഉപയോഗിക്കേണ്ടതാണ്.

5.3 കൃഷി വകുപ്പ്, കാർഷിക–വെറ്ററിനറി–ഫിഷറീസ് സർവ്വകലാശാലകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഫാമുകൾ, കുടുംബശ്രീ യൂണിറ്റുകൾ നടത്തുന്ന ഫാമുകൾ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എന്നിവയെ ബന്ധിപ്പിച്ചുള്ള വിത്ത് വിതരണ ശൃംഖല ഒരു സ്ഥിരം സംവിധാനമായി രൂപപ്പെടുത്തുന്നതാണ്.

5.4 കൃഷി വിജ്ഞാനകേന്ദ്രം, അഗ്രോ സർവ്വീസ് സെന്ററുകൾ, ഫാർമർ ഫെസിലിറ്റേഷൻ സെന്റർ, കാർഷിക സേവന കേന്ദ്രങ്ങൾ, സർവകലാശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ, ക്രോപ് ഹെൽത്ത് മാനേജ്മെന്റ് സ്കീമിന്റെ ഭാഗമായി ബ്ലോക്കുകളിലും നഗരസഭകളിലും നിയോഗിച്ചിട്ടുള്ള പെസ്റ്റ് സ്കൗട്ടുമാർ എന്നിവയുടെ സേവനം കർഷകർക്ക് ലഭ്യമാക്കുന്നതാണ്.

5.5 കാർഷികാനുബന്ധ മേഖലകളിൽ ഓരോ രംഗത്തും മാസ്റ്റർ ഫാർമർമാരുടെ പാനൽ ഉണ്ടാക്കുന്നതിനും അവരുടെ ഉപദേശവും സഹായവും കർഷകർക്ക് ലഭ്യമാക്കുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

5.6 സഹകരണസംഘങ്ങൾ കാർഷിക സേവന കേന്ദ്രങ്ങൾ രൂപീകരിക്കുകയും കർഷകർക്ക് വലിയ തോതിൽ സഹായം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

5.7 വീട്ടുവളപ്പിൽ കൃഷി,തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് ആവശ്യമായ സാങ്കേതിക പിന്തുണാഗ്രൂപ്പ് ഓരോ ഗ്രാമ പഞ്ചായത്ത്, നഗരസഭാ തലങ്ങളിൽ രൂപീകരിക്കണം. കുടുംബശ്രീയുടെ മാസ്റ്റർ ഫാർമേഴ്സ്, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെൻററുകൾ, കാർഷിക കർമ്മ സേന, സഹകരണ സംഘങ്ങളുടെ സംവിധാനങ്ങൾ, ഹരിത കേരളം മിഷന്റെ റിസോഴ്സ് പേഴ്സൺമാർ, ബാങ്കുകൾ, കാർഷിക സേവന കേന്ദ്രങ്ങൾ, തൊഴിലുറപ്പുപദ്ധതി, കൃഷി വകുപ്പ്, അഗ്രോ സർവ്വീസ് സെൻററുകൾ, ഗ്രീൻ ആർമി, കാർഷിക സർവകലാശാല, ഫിഷറീസ് സർവകലാശാല, വെറ്റിനറി സർവകലാശാല,, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കാർഷിക ഗവേഷണ സ്ഥാപനങ്ങൾ, ഹരിത കേരളം മിഷൻ, മറ്റു സന്നദ്ധ സംഘടനകൾ മുതലായവയുടെ സഹായത്തോടെ ഊർജ്ജിത പ്പെടുത്താം.

5.8 മണ്ണ് പരിശോധനയ്ക്ക് വേണ്ട സഹായം കൃഷിഭവൻ ലഭ്യമാക്കുന്നതാണ്.

5.9 കിസാൻ ക്രഡിറ്റ് കാർഡ് സേവനങ്ങൾ വിപുലമാക്കുന്നതാണ്.

5.10 ഉൾനാടൻ മത്സ്യകൃഷി സംബന്ധിച്ച് കർഷകർക്ക് ഫിഷറീസ് വകുപ്പ് പരിശീലനം നൽകുന്നതാണ്

5.11 വിവിധ വകുപ്പുകൾ കർഷകർക്ക് ലഭ്യമാക്കുന്ന സേവനങ്ങളും സഹായങ്ങളും സംബന്ധിച്ച് സർക്കുലർ/കൈപ്പുസ്തകം ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കേ ണ്ടതാണ്.

## 6. ഉത്പാദനോപാധികളും സബ്സിഡി സഹായവും

6.1 തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ ഉൾപ്പെടെയുള്ള ഭൂവികസന പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യൻകാളി നഗരതൊഴിൽ സൃഷ്ടിക്കൽ പദ്ധതിയുടെയും ഭാഗമായി നടപ്പാക്കുന്നതിന് ശ്രമിക്കണം. അതിന് കഴിയുന്നില്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെയോ വകുപ്പുകളുടെയോ പ്രോജക്ടുകളുടെ ഭാഗമാക്കി നടപ്പാക്കാവുന്നതാണ്.

6.2 കാർഷിക അനുബന്ധ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് ഉല്പാദനോപാധികൾ, മറ്റ് സഹായങ്ങൾ, സബ്സിഡി എന്നിവ വകുപ്പ് പദ്ധതികളുടേയും തദ്ദേശഭരണ സ്ഥാപനങ്ങ ളുടെ പ്രോജക്ടുകളുടേയും ഏജൻസികൾ നടപ്പാക്കുന്ന പദ്ധതികളുടേയും ഭാഗമായി കർഷകർക്ക് ലഭ്യമാക്കാവുന്നതാണ്.

6.3 വിള ഇൻഷ്വറൻസിന് സർക്കാർ സ്കീം ഉപയോഗപ്പെടുത്തേണ്ടതാണ്.

6.4 സൂക്ഷ്മ ജലസേചനത്തിനുള്ള സൗകര്യങ്ങൾ ജലസേചനം, കൃഷി തുടങ്ങിയ വകുപ്പുകളുടെ പദ്ധതികളുടെ ഭാഗമായോ തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രോജക്ടുകളുടെ ഭാഗമായോ ലഭ്യമാക്കാം. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രകൃതി പരിപാലന പ്രവർത്തനങ്ങളുമായുള്ള സംയോജനവും ഉറപ്പാക്കാവുന്നതാണ്

## 7. വിഭവം

7.1 വിവിധ വകുപ്പുകളും കുടുംബശ്രീ, തൊഴിലുറപ്പ് തുടങ്ങിയ മിഷനുകളും പരമാവധി വിഹിതം ഈ പദ്ധതിക്കായി മാറ്റി വയ്ക്കേണ്ടതാണ്. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ് തുടങ്ങിയ വകുപ്പുകൾ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങളും ഓരോ ജില്ലയ്ക്കുമുള്ള വിഹിതവും വ്യക്തമാക്കിക്കൊണ്ട് ബന്ധപ്പെട്ട വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

7.2 പ്രാദേശിക സർക്കാരുകൾ ഇതിനകം തന്നെ വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്. എന്നാൽ ഈ ബൃഹത്പരിപാടി കണക്കിലെടുത്ത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്. ഭക്ഷ്യ സുരക്ഷയ്ക്കുള്ള ചില പ്രോജക്ടുകൾ നിലവിലുള്ള പദ്ധതിയിൽ ഉണ്ടാകാം. ആ പ്രോജക്ടുകൾ വിപുലപ്പെടുത്തുകയോ ആവശ്യമെങ്കിൽ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ ചെയ്യാവുന്നതാണ്. അടിയന്തിര പ്രാധാന്യമില്ലാത്ത എല്ലാ നിർമ്മാണ പ്രോജക്ടുകളും (പുതിയ റോഡ്, ഓഫീസ് മന്ദിരങ്ങൾ തുടങ്ങിയവ) മറ്റ് അപ്രധാന പ്രോജക്ടുകളും ഈ വർഷം ഒഴിവാക്കി വരും വർഷങ്ങളിലേയ്ക്ക് മാറ്റേണ്ടതാണ്. ഇങ്ങനെ താരതമ്യേന കുറഞ്ഞ മുൻഗണനയുള്ള പ്രോജക്ടുകൾ ഒഴിവാക്കി ലഭിക്കുന്ന തുക കാർഷിക അനുബന്ധ മേഖലയിലെ പ്രോജക്ടുകൾക്ക് ഉപയോഗിക്കണം. ഈ രീതിയിൽ ഭക്ഷ്യോത്പാദന വർദ്ധനവിന് ഉയർന്ന പരിഗണന നൽകുന്ന രീതിയിൽ 2020-21-ലെ പദ്ധതി പുനക്രമീകരിക്കേണ്ടതാണ്.

7.3 ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ വിഭവങ്ങൾ കഴിയാവുന്നത്ര ഗ്രാമപഞ്ചായത്ത് പദ്ധതിയുമായി സംയോജിപ്പിച്ച് വിനിയോഗിക്കണം.

7.4 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രധാന ചുമതലകളിൽ ഒന്ന് കാർഷിക വായ്പ നൽകലാണ്. ഈ ചുമതല ഫലപ്രദമായി നിറവേറ്റുന്നതിന് സംഘങ്ങൾ തയ്യാറാകണം.

7.5 സാധാരണ ഗതിയിൽ കൃഷി ഭൂമിയുടെ ഉടമസ്ഥർക്കാണ് വായ്പ അനുവദിക്കുക. എന്നാൽ സ്വന്തം കൃഷി ഭൂമിയിലല്ലാതെ കൃഷിയിറക്കുന്ന കർഷകർക്കും ഗ്രൂപ്പുകൾക്കും പ്രാഥമിക കാർഷിക സംഘങ്ങളും സഹകരണ ബാങ്കുകളും വായ്പ അനുവദിക്കണം. എല്ലാ കൃഷിക്കും വായ്പ അനുവദിക്കണം.

7.6 ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഒന്നിലേറെ സഹകരണ ബാങ്കുകൾ ഉണ്ടെങ്കിൽ ഏകോപനം ഉറപ്പാക്കുന്നതിന്, ഒരു ബാങ്കിനെ ലീഡ് ബാങ്കായി കണക്കാക്കുകയും മറ്റ് ബാങ്കുകൾ

അതിനോട് സഹകരിക്കുന്നതുമായ സമീപനം വേണം. ഇങ്ങനെ ബാങ്കുകളുടെ സഹകരണം ഉറപ്പാക്കുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

7.7 പ്രാഥമിക കാർഷിക സംഘങ്ങളും സഹകരണ ബാങ്കുകളും മറ്റ് ബാങ്കുകളും (കേരള ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക്, വാണിജ്യ ബാങ്ക് മുതലായവ) പലിശ രഹിത വായ്പയോ കുറഞ്ഞ പലിശയുള്ള വായ്പയോ ലഭ്യമാക്കണം. പലിശനിരക്കിലെ കുറവ് നികത്താൻ നബാർഡിന്റെ സ്കീമുകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

**8.വിപണനം, സംഭരണം, ഭക്ഷ്യ സംസ്കരണം**

8.1 വിപണനത്തിലും വിതരണത്തിലും പ്രാദേശിക സമീപനം സ്വീകരിക്കേണ്ടതാണ്. അതായത് ഓരോ പ്രദേശത്തും വിപണനം ചെയ്യാവുന്നത് അവിടത്തന്നെ വിപണനം ചെയ്യുകയും അധികം വരുന്നത് തദ്ദേശഭരണ സ്ഥാപനതലത്തിലും പിന്നീട് പ്രദേശം വിട്ടുള്ള കമ്പോളത്തിനും നൽകുന്ന സമീപനം സ്വീകരിക്കാവുന്നതാണ്.

8.2 ഓരോ പ്രദേശത്തെയും ഭക്ഷ്യാവശ്യങ്ങൾ അതത് പ്രദേശത്ത് നിന്ന് തന്നെ എന്ന സമീപനത്തിന് ഏറെ പരിസ്ഥിതി പ്രാധാന്യമുണ്ട്. ഭക്ഷണ സാധനങ്ങൾ പ്രത്യേകിച്ചും പെട്ടെന്ന ചീത്തയാകുന്നവ ഏറ്റവും കുറവ് ദൂരം മാത്രം കൊണ്ട് പോകേണ്ടി വരുന്ന സ്ഥിതിയാണ് ഏറ്റവും ഉത്തമം. ഇതിലൂടെ കാർബൺ വാതകങ്ങൾ കൂടുതൽ പുറത്ത് വിടുന്നത് കുറയ്ക്കുകയും കടത്ത് കൂലി കുറയ്ക്കുകയും ചെയ്യാം.

8.3 ഓരോ ഗ്രാമപഞ്ചായത്തിലും നഗരസഭയിലും ആവശ്യാനുസരണം വിപണികേന്ദ്രങ്ങൾ സ്ഥാപിക്കണം

8.4 വിപണനം കഴിഞ്ഞാൽ പണം കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് എത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം

8.5 കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ഗ്രാമച്ചന്തകളുടെ നിർമാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കാം.

8.6 ഓരോ പ്രദേശത്തും അധികം വരുന്ന ഉൽപ്പന്നങ്ങൾ ശേഖരിക്കാനും വിതരണം ചെയ്യാനുമുള്ള ഉത്തരവാദിത്തം ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, ഫാർമർ പ്രൊഡ്യൂസേഴ്സ് സംഘങ്ങൾ, മത്സ്യഫെഡ്, മിൽമ, കൺസ്യൂമർ ഫെഡ്, സപ്ലൈകോ, തുടങ്ങിയ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

8.7 വിപണനത്തിന് ഇക്കോ ഷോപ്പ്, ഫാർമർ റീട്ടെയിൽ ഔട്ട് ലെറ്റുകൾ, കാർഷിക സഹകരണ സ്റ്റോറുകൾ, കുടുംബശ്രീ വിപണന യൂണിറ്റുകൾ, ഗ്രാമീണ ചന്തകൾ എന്നിവയും ഉപയോഗപ്പെടുത്താവുന്നതാണ്.

8.8 ഓരോ പ്രദേശത്തിന്റെയും സാധ്യത അനുസരിച്ചുള്ള വിളകളാണ് അധികമായി ഉത്പാദിപ്പിക്കാൻ കഴിയുക. വിപണനത്തിനായി അവയുടെ ലഭ്യത കർഷകന്/ കൃഷിക്ക് നേതൃത്വം നൽകുന്നവർക്ക് വിപണിയെ അറിയിക്കുവാനും അവ ആവശ്യക്കാർക്ക് ശേഖരിക്കുവാനും കഴിയുന്ന ഒരു ഓൺലൈൻ സംവിധാനം വികസിപ്പിക്കേണ്ടതാണ്.

8.9 പെട്ടെന്ന് വിപണി കണ്ടെത്താൻ കഴിയാത്ത സന്ദർഭത്തിൽ ഭക്ഷ്യ സാധനങ്ങൾ കേട്ട കൂടാതെ സൂക്ഷിക്കുന്നതിനുള്ള ഉല്പന്ന സംഭരണ കേന്ദ്രങ്ങൾ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യത വകുപ്പുകളും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും, നഗരസഭകളും പരിശോധിച്ച് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. സഹകരണ സംഘങ്ങൾക്കും ഇക്കാര്യത്തിൽ

വലിയ സംഭവാന ചെയ്യാൻ കഴിയും. വാടക നൽകി ഉപയോഗിക്കാൻ കഴിയുന്ന സ്വകാര്യമേഖലയിലെ സംഭരണ കേന്ദ്രങ്ങളുടെ സാധ്യതയും ഉപയോഗപ്പെടുത്തേണ്ടതാണ്.

8.10 അധികമായിട്ടുള്ള ഉല്പാദനം സ്ഥിരമായി പ്രാദേശിക തലത്തിൽ തന്നെ വിപണന ത്തിനും സംസ്കരണത്തിനുമായി സംഭരിക്കുന്നതിന് സംവിധാനം ആവിഷ്കരിക്കാ വുന്നതാണ്. വീട്ടു പടിക്കൽ നിന്നും ശേഖരിക്കുന്ന സമ്പ്രദായമാകും ഉചിതം. ഈ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഹോസ്റ്റെഡ് ഗ്രൂപ്പ്/ മാർക്കറ്റിംഗ് ഗ്രൂപ്പ് രൂപീകരിക്കാവുന്നതാണ്. വിൽപ്പനയിലൂടെയുള്ള വരുമാനം കർഷകരുടെ അക്കൗണ്ടിലേയ്ക്ക് കാലതാമസമില്ലാതെ ക്രെഡിറ്റ് ചെയ്യുന്നതിന് കഴിയണം.

8.11 കൃഷി, മൃഗ സംരക്ഷണം, ക്ഷീരം, മത്സ്യം എന്നീ മേഖലകളിലെ ഉല്പന്നങ്ങളുടെ മൂല്യ വർദ്ധനവിനുള്ള വലിയ സംരംഭങ്ങൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്യുന്നതാണ്. ഒപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇത്തരം സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ ഇതിന് ഉയർന്ന പരിഗണന നൽകേണ്ടതാണ്. സഹകരണ സ്ഥാപനങ്ങളും കുടുംബശ്രീയും ഈ രംഗത്ത് കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

**9.ഏകോപനവും സംഘടനാ സംവിധാനവും**

9.1 സുഭിക്ഷ കേരളം പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് താഴെപ്പറയുന്ന പ്രകാരം വിവിധ തലങ്ങളിൽ കമ്മിറ്റികൾ ഉണ്ടായിരിക്കുന്നതാണ്.

**(എ) സംസ്ഥാന തലം**

9.2 സംസ്ഥാന തലത്തിൽ മന്ത്രിസഭാ ഉപസമിതിയും ഉന്നതതല ഏകോപന സമിതിയും ഉണ്ടായിരിക്കുന്നതാണ്.

**(i) മന്ത്രിസഭാ ഉപസമിതി**

| | | |
|---|---|---|
| 1 | ബഹു.മുഖ്യമന്ത്രി | അദ്ധ്യക്ഷൻ |
| 2 | ബഹു.കൃഷി വകുപ്പ് മന്ത്രി | കൺവീനർ |
| 3 | ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | അംഗം |
| 4 | ബഹു. മൃഗസംരക്ഷണ-വനം വകുപ്പ് മന്ത്രി | ,, |
| 5 | ബഹു. ജലവിഭവ വകുപ്പ് മന്ത്രി | ,, |
| 6 | ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി | ,, |
| 7 | ബഹു.സഹകരണ വകുപ്പ് മന്ത്രി | ,, |
| 8 | ബഹു. വ്യവസായ വകുപ്പ് മന്ത്രി | ,, |

**(ii) ഉന്നതതല ഏകോപന സമിതി**

| | | |
|---|---|---|
| 1 | കാർഷികോല്പാദന കമ്മീഷണർ | ചെയർപേഴ്സൺ |
| 2 | വൈസ് ചെയർപേഴ്സൺ , ഹരിത കേരള മിഷൻ | അംഗം |
| 3 | മെമ്പർ (കൃഷി), സംസ്ഥാന ആസൂത്രണ ബോർഡ് | ,, |
| 4 | മെമ്പർ (വികേന്ദ്രീകൃതാസൂത്രണം), സംസ്ഥാന ആസൂത്രണ ബോർഡ് | ,, |
| 5 | സെക്രട്ടറി, കൃഷി | കൺവീനർ |

| | | |
|---|---|---|
| 6 | സെക്രട്ടറി (മൃഗസംരക്ഷണം, ക്ഷീര വികസനം) | അംഗം |
| 7 | സെക്രട്ടറി, ജലവിഭവം | ,, |
| 8 | സെക്രട്ടറി (സഹകരണം) | ,, |
| 9 | പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായം) | ,, |
| 10 | പ്രിൻസിപ്പൽ സെക്രട്ടറി (ആസൂത്രണ - സാമ്പത്തിക കാര്യം) | |
| 11 | പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണം) | ,, |
| 12 | പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണം- അർബൻ) | ,, |
| 13 | പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് | ,, |

9.3 മന്ത്രിസഭാ ഉപസമിതി സുഭിക്ഷ കേരളം പദ്ധതിയുടെ മേൽനോട്ടം വഹിക്കുകയും സുഗമമായ പ്രവർത്തനത്തിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന താണ്. സുഭിക്ഷ കേരളത്തിന്റെ പദ്ധതി അടങ്കലിന് മന്ത്രിസഭാ ഉപസമിതി അന്തിമ രൂപം നൽകുന്നതാണ്.

9.4 വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും ഏകോപനം ഉറപ്പാക്കുക എന്നതാണ് ഏകോപന സമിതിയുടെ മുഖ്യ ചുമതല. യോഗത്തിലേക്ക് ബന്ധപ്പെട്ട വകുപ്പുമേധാവികൾ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, തൊഴിലുറപ്പ് മിഷൻ ഡയറക്ടർ, ചീഫ് (കൃഷി, സംസ്ഥാന ആസൂത്രണ ബോർഡ്), ചീഫ് (വികേന്ദ്രീകൃത ആസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്) എന്നിവരെ കൂടി ക്ഷണിക്കേണ്ടതാണ്.

**(ബി) ജില്ലാ തലം**

9.5 ജില്ലാതല ഏകോപനവും മോണിറ്ററിങ്ങും ജില്ലാ ആസൂത്രണസമിതി നടത്തേണ്ടതാണ്. ഇത് കൂടാതെ സാങ്കേതിക ഏകോപനം ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന പ്രകാരം ഒരു സാങ്കേതിക സമിതിയും ജില്ലാതലത്തിൽ പ്രവർത്തിക്കേണ്ടതാണ്.

1. പ്രിൻസിപ്പൽ കൃഷി ഓഫീസർ - കൺവീനർ
2. ജില്ലാ മൃഗസംരക്ഷണ ഓഫീസർ
3. ഡെപ്യൂട്ടി ഡയറക്ടർ (ക്ഷീര വികസനം)
4. ഡെപ്യൂട്ടി ഡയറക്ടർ/ അസിസ്റ്റന്റ് ഡയറക്ടർ (ഫിഷറീസ്)
5. ജനറൽ മാനേജർ (ജില്ലാ വ്യവസായ കേന്ദ്രം)
6. ജോയിന്റ് രജിസ്ട്രാർ (സഹകരണം)
7. പ്രൊജക്ട് ഓഫീസർ തൊഴിലുറപ്പ് പദ്ധതി
8. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്

**(സി) പ്രാദേശിക തലം**

9.6 പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ ചുവടെ പറയും പ്രകാരം ഒരു കമ്മിറ്റി പ്രവർത്തിക്കേണ്ട താണ്.

| | | | |
|---|---|---|---|
| 1 | തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രസിഡൻറ്/ ചെയർപേഴ്സൺ/മേയർ | - | ചെയർപേഴ്സൺ |
| 2 | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | - | കോ-ചെയർപേഴ്സൺ |
| 3 | സഹകരണ ബാങ്ക് പ്രസിഡന്റ് (ഒന്നിലധികം പ്രൈമറി സഹകരണ ബാങ്കുകൾ ഉണ്ടെങ്കിൽ അവയുടെ പ്രസിഡന്റുമാർ) | - | ,, |
| 4 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ | | അംഗങ്ങൾ |
| 5 | സ്ഥലം എം.എൽ.എ / എം.എൽ.എയുടെ പ്രതിനിധി | - | അംഗം |
| 6 | കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ(മാർ) | - | ,, |
| 7 | ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ | - | അംഗം |
| 8 | കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ്, വ്യവസായം മേഖലകളിലെ നിർവഹണ ഉദ്യോഗസ്ഥർ | - | അംഗങ്ങൾ |
| 9 | പ്രദേശത്തെ ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് അംഗങ്ങൾ | - | ,, |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഗ്രാമപഞ്ചായത്തുകളിൽ) | - | അംഗം |
| 11 | ലീഡ് ഫാർമർ (Agri/AH/Dairy/Fisheries) - ഒരാൾ വീതം | - | ,, |
| 12 | മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നു ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ | - | ,, |
| 13 | തൊഴിലുറപ്പ് എഞ്ചിനീയർ | - | ,, |
| 14 | തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറി | - | ,, |

കമ്മിറ്റിയുടെ കൺവീനർ കൃഷി മേഖലയുടെ നിർവ്വഹണ ഉദ്യോഗസ്ഥനും ജോയിന്റ് കൺവീനർ ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിയും നഗരസഭകളിൽ സെക്രട്ടറിയുമായിരിക്കും.

9.7 വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ തദ്ദേശ ഭരണസ്ഥാപനതലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിൽ ഏകോപിപ്പിക്കുക എന്നതാണ് തദ്ദേശഭരണസ്ഥാപനതല സമിതിയുടെ മുഖ്യ ചുമതല. നിർവഹണത്തിലെ ഏകോ പനവും ഈ സമിതി ഉറപ്പാക്കണം. നിരീക്ഷണ സമിതി ആയും പ്രവർത്തിക്കേണ്ടതാണ്.

### (ഡി) വാർഡ് തലം

9.8 വാർഡ് തലത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മോണിട്ടർ ചെയ്യുന്ന തിനുമായി താഴെ പറയുന്ന പ്രകാരം വാർഡ് തല സമിതി ഉണ്ടാകേണ്ടതാണ്.

| | | | |
|---|---|---|---|
| 1 | വാർഡ് മെമ്പർ | - | അദ്ധ്യക്ഷൻ |
| 2 | എ.ഡി.എസ്. ചെയർപേഴ്സൺ | - | അംഗം |
| 3 | സഹകരണ സംഘത്തിന്റെ പ്രതിനിധി | - | ,, |
| 4 | കർഷക സ്വയംസഹായ സംഘങ്ങളുടെ/ കുടുംബശ്രീ ജെ.എൽ.ജികളുടെ പ്രതിനിധി | - | ,, |

5 കൃഷി ഓഫീസറുടെ പ്രതിനിധി /തദ്ദേശഭരണ സ്ഥാപനം നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ - കൺവീനർ

**10. ഉപസംഹാരം**

10.1 ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാ ഇടപെടലുകളും കൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും ഉപഭോക്താക്കളെയും മുൻനിർത്തിയുള്ളതാകണം. കൃഷിയിലേർപ്പെടുന്നവർക്ക് സ്ഥായിയായ വരുമാനം ഉറപ്പാക്കുന്ന തരത്തിലുള്ള ഇടപെടൽ നടത്തുകയാണ് ലക്ഷ്യം. എങ്കിൽ മാത്രമേ ഭക്ഷ്യോത്പാദന പരിപാടിയുടെ തുടർച്ചയായ നിലനിൽപ്പ് ഉറപ്പാക്കാൻ കഴിയൂ. ഈ പദ്ധതിപ്രകാരം കൃഷിയിലേയ്ക്ക് കടന്നുവരുന്നവർക്ക് നല്ലനിലയ്ക്കുള്ള സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകാനുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാരിന്റെ വകുപ്പുകളും ഏറ്റെടുക്കേണ്ടതാണ്.

10.2 കേരളത്തിന്റെ ഫലഭൂയിഷ്ഠമായ ഭൂമിയും, അധ്വാനശക്തിയും, മൂലധനവും. കാർഷികോ ത്പാദനത്തിൽ നിന്നും അകന്നുപോകുന്ന പ്രവണതയാണ് കഴിഞ്ഞ അര നൂറ്റാണ്ട് കാലം കേരളത്തിൽ ഉണ്ടായത്. കഴിഞ്ഞ നാലുവർഷം ഈ പ്രവണതയ്ക്കെതിരെ ശക്തമായ നീക്കമാണ് സർക്കാർ വകുപ്പുകളും തദ്ദേശഭരണസ്ഥാപനങ്ങളും നട ത്തിയത്. ഭൂമിയെ കാർഷികോത്പാദനത്തിലേക്ക തിരികെ കൊണ്ടുവരാൻ ഇപ്പോൾ ലഭിച്ചിരിക്കുന്ന അവസരം ഫലപ്രദമായി ഉപയോഗപ്പെടുത്തി ഭക്ഷ്യ സുരക്ഷ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കൂട്ടായ ശ്രമം ഉണ്ടാകണം.

********